LIBRARY ARCHIVES Kerala Legislative Assembly

പൊങ്ങം റെയിൽവേ ഓവർബ്രിഡ്ജ്

216 (T.5301) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്. 47-നെയും എൻ.എച്ച് 17-നെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിൽ നിലവിലുള്ള പൊങ്ങം റെയിൽവേ ഓവർബ്രിഡ്ജ് പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലം വീതികൂട്ടി പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) എൻ.എച്ച്. 47-നേയും എൻ.എച്ച്. 17-നേയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിൽ നിലവിലുള്ള പൊങ്ങം റെയിൽവേ മേൽപ്പാലം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന അഞ്ചൽ-മാന്ത്ര റോഡിലാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ പ്രസ്തുത പാലം പുതുക്കി പണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല. തൃശ്ശൂർ ജില്ലാ പഞ്ചായത്താണ് ഇതിൽ നടപടിയെടുക്കേണ്ടത്.

വൈക്കം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

217 (5302) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റേശേഷം വൈക്കം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് ; വെളിപ്പെടുത്തുമോ ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെ ; അവ ആരംഭിക്കാൻ വൈകിയതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകുന്ന ജോലികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിക്കുന്നത് ; വ്യക്തമാക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം വൈക്കം നിയോജകമണ്ഡലത്തിൽ നിരത്ത് വിഭാഗവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* അതിൽ വെട്ടിക്കാട്ടുമുക്ക് ഫൂട് ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്തതാണ് പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം. കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രവൃത്തികൾ നടത്തുമ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനറെ അറിയിക്കുകയും ചീഫ് ടെക്നിക്കൽ എക്സാമിനർ പ്രവൃത്തി പരിശോധിക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ വിഭാഗം നിശ്ചയിച്ചിട്ടുള്ള വിവിധ പരിശോധനകളും നടത്താറുണ്ട്. ഇതിനായി ജില്ലകൾതോറും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൊല്ലം, കാഞ്ഞിരപ്പള്ളി ബൈപ്പാസ്സുകളുടെ നിർമ്മാണം

218 (5303) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം, കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലം ബൈപ്പാസ്, കാഞ്ഞിരപ്പള്ളി ബൈപ്പാസ് എന്നിവയുടെ നിർമ്മാണത്തിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല.

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ RDS-CVCC IV എന്ന കമ്പനിയുമായി 11-2-2015-ൽ കൊല്ലം ബൈപ്പാസ് പ്രവൃത്തിക്കുള്ള എഗ്രിമെന്റ് വയ്ക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ബൈപ്പാസ് നിർമ്മാണത്തിനുള്ള അപ്പോയിന്റഡ് ഡേറ്റ് 27-5-2015 ആണ്. 30 മാസമാണ് നിർമ്മാണ കാലാവധി. ഇതനുസരിച്ച് 26-11-2017-ൽ പ്രസ്തുത ബൈപ്പാസ്സിന്റെ പണി പൂർത്തിയാകും. കാഞ്ഞിരപ്പള്ളി ബൈപ്പാസ്സിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ചതിന് ശേഷമേ എസ്റ്റിമേറ്റെടുത്ത് ടെണ്ടർ നടപടികളിലേയ്ക്ക് പ്രവേശിക്കുകയുള്ളൂ. അതിനുശേഷംമാത്രമേ പ്രവൃത്തിയുടെ കാലാവധി നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly